# പിതാവിനൊരു ഗർഭപാത്രം



മൈസൂന

ചുറ്റിലും പ്രഭ
ചൊരിഞ്ഞൊറ്റയ്ക്ക്
കത്തിജ്വലിച്ച സൂര്യൻ...

പകലൊഴിഞ്ഞിട്ടും
രാപ്പാടി പാടീട്ടും
കൂടണയാതെ നിൽപ്പു
പിതാവ്...

നീല ഞരമ്പിലെ
ചുടുചോരക്ക് പോലും
പറയാനുണ്ട് ഒഴുക്കിയ
വിയർപ്പിന്റെ കഥകൾ...

സ്നേഹം ചുരത്താനും
മാറോടു ചേർക്കാനും..
നേരമില്ലൊന്നിനും ധൃതി
പിടിച്ചോടവേ..

പറയുവാനില്ലൊരു
ഗർഭപാത്ര കണക്കും
നൊന്തു പെറ്റ
വയറിന്റെ വ്യഥയും...



പിതാവിനുമൊരു
ഗർഭപാത്രമുണ്ടേൽ
പറയുമോ അവർ ഗർഭം
ചുമന്ന കഥ...

ആയുസ്സ് പാതിയും
നീറിപ്പുകഞ്ഞവർ
ചുറ്റിലും തണലായ് ഒരു
വൃദ്ധ വൃക്ഷമായ്...

മറുപിറവിയുണ്ടേൽ
വേണമെനിക്കെന്റെ
പിതാവിനൊരു തണൽ
മരമായ്
ജന്മമെടുക്കാൻ....